(ഡി) നാളിതുവരെ ഓരോ ജില്ലയിലും നിലവിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റിൽ നിന്നും എത്രപേരെ വീതം നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ടൈപ്പിസ്റ്റ് നിയമനം നടത്തുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

എൽ.ഡി. ക്ലാർക്ക് നിയമനം

25 (2128) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ എൽ.ഡി. ക്ലാർക്ക് നിയമനത്തിനായുള്ള ജനറൽ റിക്രൂട്ട്മെന്റിന്റെയും സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെയും റാങ്ക്ലിസ്റ്റ് നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കൊല്ലം ജില്ലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിനുള്ള എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റിനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമനം നടത്തുന്നതിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) എൽ.ഡി. ക്ലാർക്കുമാരുടെ കൊല്ലം ജില്ലയിലുള്ള ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിലുള്ള നിയമപ്രകാരം ഓരോ വർഷവും ജനുവരി 1-ാം തീയതി വച്ച് പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാരുടെ പ്രാതിനിധ്യം വകുപ്പ് തിരിച്ച് അവലോകനം ചെയ്ത് പ്രാതിനിധ്യക്കുറവ് കാണുന്ന വകുപ്പുകളിൽ മതിയായ പ്രാതിനിധ്യം നൽകുന്നു. അപ്രകാരം സംവരണം ചെയ്യപ്പെടുന്ന തസ്തികകളിൽ നിയമനം എത്രയും വേഗം നടത്തുന്നതിന് പി. എസ്. സി.യുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പു തലവൻമാർക്കും നിയമനാധികാരികൾക്കും സമയാസമയങ്ങളിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമനം നടത്തുന്നതിൽ ഇപ്പോൾ നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ

26 (2129) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് (വിവിധം) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പല വകുപ്പുകളിലും എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഒഴിവുകൾ ഉള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) 13-10-2003-ൽ അവസാനിക്കുന്ന ഈ ലിസ്റ്റിൽ പ്രായപരിധി കഴിഞ്ഞവരാണ് കൂടുതൽ എന്ന കാര്യം സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഈ ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ആലപ്പുഴ ജില്ലയിലെ എൽ. ഡി. ക്ലാർക്ക് നിയമനം

27 (2130) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പി. എസ്. സി.-യുടെ നിലവിലുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ലിസ്റ്റിൽ നിന്നും ഹെഡ്കാർട്ടേഴ്സ് വേക്കൻസിയിൽ എത്ര പേർക്ക് നിയമനം നൽകി ;

(സി) നിയമനം നൽകിയില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ ;

(ഡി) ഇപ്പോൾ വിവിധ വകുപ്പുകളിലായി എത്ര എൽ.ഡി.ക്ലാർക്കുമാരുടെ ഒഴിവുകൾ ഉണ്ട് ;

(ഇ) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly